**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **28-06-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ബൈപ്പാസ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കുറ്റ്യാടി ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; | (എ) | 1.462 കി.മീ നീളമുള്ള നിർദിഷ്ട കുറ്റ്യാടി ബൈപാസ് പദ്ധതിയ്ക്ക് 37.96 കോടി രൂപയ്ക്ക് KIIFB ധനാനുമതി നല്കിയിട്ടുള്ളതാണ്. 1.462 കി.മീ നീളത്തിൽ 7 മീറ്റർ കാരിയേജ് വേയോട് കൂടി 12 m RoW ൽ പൂർത്തീകരിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ധനാനുമതി നൽകിയ 37.96 കോടി രൂപയിൽ 23.21 കോടി രൂപ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായാണ് വകയിരുത്തിയത്. പദ്ധതിയ്ക്ക് വേണ്ടി 210.2 ആർ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി ഫെയർ വാല്യൂ പ്രകാരമുള്ള വിലയുടെ 5 ശതമാനമായ 13,59,765/- രൂപ കണ്ടിൻജൻസി ഇനത്തിൽ 27-05-2022 ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK യ്ക്ക് കിഫ്ബി കൈമാറിയിട്ടുണ്ട്.<br>കിഫ്ബി ധനാനുമതി നൽകിയ അലൈന്മെന്റിൽ 1.25 കി.മീ മുതൽ 1.47 കി.മീ വരെയുള്ള ഭാഗങ്ങളിൽ 5 % ഗ്രേഡിയന്റിൽ റിവേഴ്സ് കർവ് വരുന്നതിനാൽ പ്രസ്തുത റോഡിന്റെ ഉപഭോക്താക്കളുടെ സുരക്ഷ മുൻനിർത്തി പദ്ധതിയുടെ അലൈന്മെന്റിൽ ചെറിയ മാറ്റം നിർദ്ദേശിക്കുകയും അതിനനുസരിച്ച് പുതുക്കിയ അലൈൻമെന്റ് 27-01-2022 ന് നടന്ന സാങ്കേതിക അനുമതി കമ്മിറ്റി ചർച്ച ചെയ്യുകയും അതുപ്രകാരം RBDCK അംഗീകരിക്കുകയും ചെയ്തു.<br>തുടർന്ന് പുതുക്കിയ അലൈൻമെന്റ് പ്രകാരവും പുതുതായി നിലവിൽ വന്ന 2018 DSR പ്രകാരവും RBDCK പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുകയും അതനുസരിച്ച് GST ഉൾപ്പെടെ 45.038 കോടി രൂപയ്ക്ക് ധനാനുമതി പുതുക്കി നല്കാൻ കിഫ്ബിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.<br>എന്നാൽ 25.04.2022 ന RBDCK സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിൽ ഡ്രൈനേജുമായി ബന്ധപ്പെട്ട ഇനങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ, ഈ വിഷയത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് |

| | | | |
|---|---|---|---|
| | | | 30.04.2022 ന ഫയൽ RBDCK യ്ക്ക് മടക്കിനൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപെട്ട് RBDCK അതിർത്തി കല്ലുകൾ സ്ഥാപിച്ചതിനെ തുടർന്ന് പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 30.05.2022 ന രാജഗിരി ഔട്ട് റീച് എന്ന സ്ഥാപനത്തെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK ചുമതലപെടുത്തുകയും ആയത് നടന്നുവരികയുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠനവും ഭൂമി ഏറ്റെടുക്കൽ നടപടിയും എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കുറ്റ്യാടി ബൈപാസ് പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 30.05.2022 ന രാജഗിരി ഔട്ട് റീച് എന്ന സ്ഥാപനത്തെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK ചുമതലപെടുത്തിയിട്ടുണ്ട്. പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രസ്തുത ഏജൻസിയ്ക്ക് രണ്ടു മാസം കാലയളവ് അനുവദിച്ചിട്ടുള്ളതായും, 2022 ജൂലൈ 31 നകം ആയതിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും RBDCK അറിയിച്ചിട്ടുണ്ട്.<br><br>ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുവാൻ ലാന്റ് അക്വിസിഷൻ ഓഫീസർക്ക നിർദേശം നല്കിയിട്ടുള്ളതും 31.03.2023 നകം ആയതു പൂർത്തീകരിക്കുമെന്ന പ്രതീക്ഷിക്കുന്നതായും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് അനുമതി നൽകുന്നത്; എന്തൊക്കെ പ്രധാന ഭേദഗതികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | പുതുക്കിയ അലൈൻമെന്റ് പ്രകാരവും പുതുതായി നിലവിൽ വന്ന 2018 DSR പ്രകാരവും RBDCK പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുകയും അതനുസരിച്ച് GST ഉൾപ്പെടെ 45.038 കോടി രൂപയ്ക്ക് ധനാനുമതി പുതുക്കി നല്കാൻ കിഫ്ബിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ 25.04.2022 ന RBDCK സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിൽ ഡ്രൈനേജുമായി ബന്ധപ്പെട്ട ഇനങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ, ഈ വിഷയത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് 30.04.2022 ന ഫയൽ RBDCK യ്ക്ക് മടക്കിനൽകിയിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി, ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്ന പക്ഷം, കിഫ്ബിയിൽ നിന്നും പുതുക്കിയ ധനാനുമതി നൽകുന്നതാണ്. അലൈമെന്റിലുള്ള മാറ്റവും പുതുക്കിയ DSR മാണ് പുതിയ എസ്റ്റിമേറ്റിലുള്ള പ്രധാന ഭേദഗതികൾ. |

സെക്ഷൻ ഓഫീസർ